*From the Desk of the Vice Chancellor...*



പ്രിയപ്പെട്ട പ്രിൻസിപ്പൽ,

ആദ്യമായി, കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ അഭിവാദനങ്ങളും ആശംസകളും അറിയിക്കട്ടെ!

കൊറോണാ വൈറസ് ബാധ ഒരു ആഗോള ആരോഗ്യ അടിയന്തിരാവസ്ഥയായി ലോകാരോഗ്യ സംഘടനയും, സംസ്ഥാന ദുരന്തമായി കേരള സംസ്ഥാനവും പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഇന്ത്യാ ഗവൺമെന്റും സംസ്ഥാന സർക്കാരും ചിട്ടയായും കൃത്യതയോടെയുമുള്ള പ്രവർത്തനങ്ങളിലൂടെ ഇതിനെ നേരിട്ടുന്നുണ്ട്. ഈ ബൃഹത്തായ ഉദ്യമത്തിൽ കേരള ആരോഗ്യശാസ്ത്ര സർവകലാശാലയും പങ്കാളികളാവുകയാണ്. ഒരു ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളും, പതിനയ്യായിരത്തോളം അദ്ധ്യാപകരും 312 അഫിലിയേറ്റഡ് കോളേജുകളുമടങ്ങുന്ന വിപുലമായൊരു സംവിധാനം നമുക്കുണ്ട്. ഈ ഗുരുതരമായ സാഹചര്യത്തിൽ നമ്മൾ ഓരോരുത്തരും കർമ രംഗത്തേക്ക് ഇറങ്ങേണ്ടിയിരിക്കുന്നു.

ഈ ഫെബ്രുവരി 4ന് ഇതുസംബന്ധിച്ച പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും രൂപം നൽകുന്നതിനും ഇവയുടെ സമയബന്ധിതമായ നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനും ആരോഗ്യശാസ്ത്ര സർവകലാശാലയിൽ വച്ച് ദേശീയ-അന്തർദേശീയ വിദഗ്ധരുടെ യോഗം ചേരുകയും കർമപരിപാടികൾ ആവിഷ്കരിക്കുകയുമുണ്ടായി. വിദ്യാർഥികളാണ് നമ്മുടെ സർവകലാശാലയുടെ കരുത്ത് എന്ന തിരിച്ചറിവോടെ. കൊറോണാ വൈറസ്സിനെതിരേയുള്ള പ്രതിരോധ സാമൂഹിക പ്രവർത്തനങ്ങളിൽ ഇവരെ മുന്നിട്ടിറങ്ങാൻ പ്രോൽസാഹിപ്പിക്കുക എന്ന യഥാർത്ഥ്യ ബോധത്തോടെയുള്ള പ്രവർത്തനങ്ങളാണ് നമ്മൾ വിഭാവനം ചെയ്തിട്ടുള്ളത്.

ഇത്തരം പരിപാടികൾ എങ്ങനെ നടത്തണം എന്നതിനു വേണ്ട മാർഗ നിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. ഇതിനായുള്ള റിസോഴ്സ് മെറ്റീരിയലുകൾ സർവകലാശാലാ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇത്തരം അവസരങ്ങളിൽ ഭാവിയിലും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ, ആരോഗ്യശാസ്ത്ര വിദ്യാർത്ഥികൾക്ക് ഇതൊരു പരിശീലനവുമാകുമെന്ന് പ്രത്യാശിക്കുന്നു.

സമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന്, നാട്ടുകാരോടൊത്തുചേർന്ന്, നാടിനെ രക്ഷിക്കാനുള്ള ഈ മഹദ് ഉദ്യമത്തിൽ നമുക്കും അണിചേരാം. അതാണ് രാജ്യം നമ്മളിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്ന തിരിച്ചറിവോടെ, മുന്നിട്ടിറങ്ങാം.

5 ഫെബ്രുവരി 2020

സ്നേഹത്തോടെ,



പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ

## കൊറോണാ വൈറസ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യ ശാസ്ത്ര സർവകലാശാലയുടെ സാമൂഹിക ഇടപെടൽ: നമുക്ക് എന്തൊക്കെ ചെയ്യാം?

1. വിദ്യാർഥികളാണ് നമ്മുടെ സർവകലാശാലയുടെ കരുത്ത്. കൊറോണാ വൈറസ് പ്രതിരോധ സാമൂഹിക പ്രവർത്തനങ്ങളിൽ ഇവരെ മുന്നിട്ടിറങ്ങാൻ പ്രോൽസാഹിപ്പിക്കുക.
2. സ്റ്റാഫ് അഡ്വൈസറുടെ നേതൃത്വത്തിൽ വിദ്യാർഥികളുടെ യോഗം ചേരുക. സമൂഹത്തിലേക്ക് എങ്ങനെ ഇറങ്ങിച്ചെല്ലാം എന്ന് ചർച്ച ചെയ്യുക (ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ)
3. എൻ എസ് എസ് യൂണിറ്റുകൾ, കോളേജിലെ സർവകലാശാലാ അംഗീകൃത വിദ്യാർഥി യൂണിയൻ എന്നിവ വഴി പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
4. ഡി.എം.ഓ ഓഫീസ്, അടുത്തുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, പഞ്ചായത്ത്/ കോർപ്പറേഷൻ എന്നിവയുടെ സഹകരണവും പങ്കാളിത്തവും ഉറപ്പു വരുത്തുക. ഡി.എം.ഓ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവർക്ക് സർക്കാർ കൃത്യമായ മാർഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നതിനാൽ, അവരിൽ നിന്നും മാർഗനിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.
5. കൊറോണാ വൈറസ് പ്രതിരോധം സംബന്ധിച്ചുള്ള ബോധവൽക്കരണത്തിന് താഴെപ്പറയുന്ന കൂട്ടായ പ്രവർത്തനങ്ങൾ നടത്താനുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കുക:

    i. സ്കൂൾ – കോളേജ് തലത്തിലുള്ള യോഗങ്ങൾ
    ii. യുവജന ക്ലബ്ബുകളോട് സഹകരിച്ചുള്ള പരിപാടികൾ
    iii. ഗൃഹ സന്ദർശനം
    iv. ലഘുലേഖകൾ വിതരണം ചെയ്യൽ
    v. തെരുവു നാടകങ്ങൾ, ഫ്ലാഷ് മോബുകൾ, ചെറു നാടകങ്ങൾ (സ്കിറ്റുകൾ)
    vi. അംഗീകൃത ഫിലിം ക്ളിപ്പുകളുടെ പ്രദർശനം.
    vii. ശാസ്ത്രീയമായ കൈ കഴുകൽ– പ്രായോഗിക പരിശീലനം
    viii. ചുമയ്ക്കുമ്പോളും തുമ്മുമ്പോളും എടുക്കേണ്ട മുൻകരുതലുകൾ
    ix. അംഗീകൃത റിസോഴ്സ് മെറ്റീരിയലുകൾ ഉപയോഗിച്ചുള്ള ക്ലാസുകൾ
    x. ഷോർട്ട് ഫിലിമുകൾ, ലഘുലേഖകൾ എന്നിവയുടെ നിർമാണം.

6. ഇതിനുവേണ്ട റിസോഴ്സ് മെറ്റീരിയലുകൾ സർവകലാശാലാ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (kuhs.ac.in)
7. എല്ലാ പ്രവർത്തനങ്ങളിലും സർവകലാശാലയുടേയും വിദ്യാലയത്തിന്റേയും പേരും ലോഗോയും ബാനറുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്തുക.
8. പരിപാടികളുടെ സംക്ഷിപ്ത വിവരണവും ഫോട്ടോകളും പങ്കെടുത്ത പ്രധാന വ്യക്തികളുടെ പേരുകളടക്കം പ്രിൻസിപ്പൽ സർവകലാശാലയ്ക്ക് അയയ്ക്കുക. (ഇ–മെയിൽ വഴി മാത്രം). അയക്കേണ്ട വിലാസം: dean.studentaffairs@kuhs.ac.in
9. മേൽപ്പറഞ്ഞ എല്ലാ തരം സാമൂഹ്യ പ്രവർത്തനങ്ങൾക്കും സർവകലാശാല പുരസ്കാരങ്ങളും മറ്റ് അംഗീകാരങ്ങളും വെബ് സൈറ്റ് വഴി പ്രചാരവും നൽകുന്നതായിരിക്കും.
10. മികച്ച ഷോർട്ട് ഫിലിമുകൾ, ലഘുലേഖകൾ, ഫോട്ടോഗ്രാഫുകൾ, തെരുവു നാടകങ്ങൾ, സ്കിറ്റുകൾ എന്നിവയ്ക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകുന്നതായിരിക്കും. ഇതു സംബന്ധിച്ച് സർവകലാശാലാ വെബ് സൈറ്റിൽ അറിയിപ്പ് നൽകുന്നതായിരിക്കും.



**കൊറോണാ വൈറസ്സിനെ നമുക്ക് നേരിടാം: ആശങ്ക വേണ്ട, ജാഗ്രത വേണം**